09.12.2023

SATURDAY ശനിയാഴ്ച

# FIB FARM NEWS

## എഫ് ഐ ബി കാർഷിക വാർത്തകൾ



## FARM INFORMATION BUREAU

Agriculture Development and Farmer's Welfare Department
GOVERNMENT OF KERALA

Chief Editor : ASA S KUMAR

Editor : Dr BINU HARRIET IVAN

Farm Information Bureau, Kowdiar, Thiruvananthapuram – 695003
Website : fibkerala.gov.in; E-mail : piofibvm@gmail.com, fibnewstvm@gmail.com
Telephone : 0471 – 2318186, 2317314

**GOVERNMENT OF KERALA**
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

# FARM INFORMATION BUREAU

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

## എഫ് ഐ ബി കാർഷിക വാർത്തകൾ (FIB FARM NEWS) 09/12/2023

1. ജനങ്ങളുമായി നേരിട്ട് സംവദിച്ച് ഭരണ പുരോഗതി വിലയിരുത്താനും ജനാഭിപ്രായം തേടാനും മുഖ്യമന്ത്രിയുടെ നേതൃത്വത്തിൽ മന്ത്രിസഭയൊന്നാകെ 140 നിയോജക മണ്ഡലങ്ങളിലൂടെയുള്ള പര്യടനം നടത്തുന്നു. നവകേരള സദസ്സ് 2023 ഇന്ന് എറണാകുളം ജില്ലയിലെ തൃപ്പൂണിത്തുറ, കളമശ്ശേരി, കുന്നത്തുനാട്, പിറവം എന്നീ മണ്ഡലങ്ങളിൽ സംഘടിപ്പിക്കുന്നു.

ക്ഷീരകർഷകർക്ക് കൂടുതൽ പശുക്കളെ വാങ്ങുന്നതിനായി പലിശരഹിതവായ്പകൾ അനുവദിക്കുമെന്ന് മൃഗസംരക്ഷണ, ക്ഷീരവികസന വകുപ്പുമന്ത്രി ജെ ചിഞ്ചുറാണി. പുതുക്കാട് മണ്ഡലം നവകേരള സദസ്സിൽ സംസാരിക്കുകയായിരുന്നു മന്ത്രി.

പാലുത്പാദനത്തിൽ പൂർണ സ്വയംപര്യാപ്തത കൈവരിക്കാനുള്ള പ്രവർത്തനത്തിലാണ് സംസ്ഥാന സർക്കാർ. തീറ്റപുൽക്കൃഷിക്ക് കൂടുതൽ സബ്സിഡി അനുവദിക്കും. കൂടുതൽ വെറ്ററിനറി ആംബുലൻസുകൾ സംസ്ഥാനത്തു സജ്ജമാക്കും. കേരളത്തിലെ ക്ഷീരകർഷകർ നേരിടുന്ന പ്രശ്നങ്ങൾക്കെല്ലാം പരിഹാരം കാണുമെന്നും മന്ത്രി പറഞ്ഞു.

2. കേരള കാർഷിക സർവകലാശാല പ്രസിദ്ധീകരണങ്ങൾ ഓൺലൈൻ വിൽപ്പനക്ക് ലഭ്യമാകുന്ന പദ്ധതിക്ക് തുടക്കമാകുന്നു. ഇന്ന് (ഡിസംബർ 9 ശനിയാഴ്ച) കാക്കനാട് വച്ച് നടക്കുന്ന ചടങ്ങിൽ കൃഷി വകുപ്പ് മന്ത്രിയും സർവ്വകലാശാല പ്രൊ ചാൻസലറുമായ പ്രി. പ്രസാദ് പദ്ധതിയുടെ ഉദ്ഘാടനം നിർവഹിക്കും.സർവ്വകലാശാല വൈസ് ചാൻസലർ ഡോ.ബി.അശോക് ഐ എ എസ്. ചടങ്ങിൽ പങ്കെടുക്കും. കൃഷി രീതികളെക്കുറിച്ചും, വിള പരിപാലനത്തെക്കുറിച്ചും സർവ്വകലാശാല പ്രസിദ്ധീകരിച്ചിട്ടുള്ള പുസ്തകങ്ങൾ പ്രമുഖ ഇ കോമേഴ്സ് സൈറ്റുകളായ ആമസോൺ, ഫ്ളിപ് കാർട്ട് എന്നിവയിൽ വിൽപനക്ക്

ലഭ്യമാകും. കേരളത്തിൽ ആദ്യമായാണ് ഒരു സർവ്വകലാശാല പ്രസിദ്ധീകരണങ്ങൾ ഓൺലൈൻ വിൽപ്പനക്കു ലഭ്യമാക്കുന്നത്. നിലവിൽ സർവ്വകലാശാലയുടെ വിവിധ വിൽപന കേന്ദ്രങ്ങളിലൂടെ മാത്രമേ സർവ്വകലാശാല പ്രസിദ്ധീകരണങ്ങൾ കർഷകർക്ക് ലഭ്യമാകുമായിരുന്നുള്ളു. കൃഷി വകുപ്പിന്റെ 'കേരൾഅഗ്രോ' എന്ന ബ്രാൻഡിന് കീഴിലാണ് സർവ്വകലാശാല ഈ ഓൺലൈൻ വിൽപന നടത്തുന്നത്.

3. സ്റ്റേറ്റ് ഹോർട്ടികൾച്ചർ മിഷൻ രാഷ്ട്രീയ കൃഷി വികാസ് യോജന (2022-23) യുടെ ഭാഗമായി 2023-24 വർഷത്തിൽ നടപ്പിലാക്കുന്ന ഓപ്പൺ പ്രെസിഷൻ ഫാർമിംഗ് - തുറന്ന കൃഷിയിടങ്ങളിലെ കൃത്യത കൃഷി പദ്ധതിക്ക് കൊല്ലം, ഇടുക്കി, തൃശൂർ, പാലക്കാട്, മലപ്പുറം, കോഴിക്കോട്, കണ്ണൂർ, കാസർകോഡ് ജില്ലകളിലെ പട്ടികജാതി/ പട്ടിക വർഗ്ഗവിഭാഗത്തിൽ പെട്ട വാഴ /പച്ചക്കറി കർഷകരിൽ നിന്നും അപേക്ഷ ക്ഷണിക്കുന്നു. 1 ഹെക്ടർ വാഴയുടെ കൃഷി ചെലവുകൾക്ക് 35000 രൂപയും ഫെർട്ടിഗേഷൻ യൂണിറ്റിന് 45000 രൂപയും പ്ലാസ്റ്റിക് പുതയിടലിനു 16000 രൂപയും എന്ന കണക്കിനാണ് സബ്സിഡി നൽകുന്നത്. ആകെ 96000 രൂപ / ഹെക്ടർ. 1 ഹെക്ടർ പച്ചക്കറിക്ക്- കൃഷി ചെലവുകൾക്ക് 20,000 രൂപയും ഫെർട്ടിഗേഷൻ യൂണിറ്റിന് 55,000 രൂപയും, പ്ലാസ്റ്റിക് പുതയിടലിനു 16000 രൂപയും എന്ന കണക്കിനാണ് സബ്സിഡി നൽകുന്നത്. ആകെ 91000 രൂപ/ ഹെക്ടർ. കൂടുതൽ വിവരങ്ങൾക്ക് കൃഷി സ്ഥലം സ്ഥിതി ചെയ്യുന്ന പരിധിയിലെ കൃഷി ഭവനുമായി ബന്ധപ്പെടേണ്ടതാണ്.

4. സീപോർട്ട് - എയർപോർട്ട് റോഡിൽ കാക്കനാട് ദൂരദർശൻ കേന്ദ്രത്തിന് സമീപമായി പ്രവർത്തനമാരംഭിച്ച സർക്കാർ സ്ഥാപനമായ ഹോർട്ടികോർപ്പിന്റെ പുതിയ സംരംഭമായ ഹോർട്ടികോർപ്പ് പ്രീമിയം നാടൻ വെജ് & ഫ്രൂട്ട് സൂപ്പർ മാർക്കറ്റിൽ ശനിയാഴ്ച്ച ചന്ത ആരംഭിക്കുന്നു. കർഷകരിൽ നിന്നും കർഷക സംഘങ്ങളിൽ നിന്നും

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

സംഭരിക്കുന്ന പച്ചക്കറികളും പഴ വർഗ്ഗങ്ങളും ഇറക്കുമതി ചെയ്ത പഴങ്ങളും കൂടാതെ ഹോർട്ടികോർപ്പ് തേൻ, കുട്ടനാടൻ മട്ട അരി, കേര വെളിച്ചെണ്ണ, മിൽമ ഉത്പന്നങ്ങൾ, മറ്റ് സർക്കാർ ഉത്പന്നങ്ങൾ, കർഷക ഉത്പാദക കമ്പനികളുടെ ഉത്പന്നങ്ങൾ, കേരളാഗ്രോ ബ്രാന്റ് ഉത്പന്നങ്ങളും സ്റ്റാളിൽ പൊതു ജനങ്ങൾക്ക് ലഭിക്കും. ആഴ്ചയിലെ ഏറ്റവും വിലക്കുറവിലാണ് 'സാറ്റർഡേ മാർട്ട് ' എന്ന പേരിലെ ശനിയാഴ്ച്ച ചന്തയിൽ ഉത്പന്നങ്ങൾ ഒരുക്കിയിരിക്കുന്നത്. കൂടുതൽ വിവരങ്ങൾക്ക് 62826 51345 എന്ന ഫോൺ നമ്പരിൽ ബന്ധപ്പെടുക.

5. കാർഷിക മേഖലയിൽ ചെലവുകുറഞ്ഞ രീതിയിൽ യന്ത്രവൽക്കരണം പ്രോൽസാഹിപ്പിക്കുന്നതിന് വേണ്ടി സംസ്ഥാന സർക്കാർ കേന്ദ്ര സഹായത്തോടെ നടപ്പിലാക്കി വരുന്ന പദ്ധതിയാണ് സബ്മിഷൻ ഓൺ അഗ്രികൾച്ചറൽ മെക്കനൈസേഷൻ (കാർഷിക യന്ത്ര വൽക്കരണ ഉപ പദ്ധതി SMAM). ഈ പദ്ധതിയിൻ കീഴിൽ കാർഷിക - യന്ത്രങ്ങളും ഉപകരണങ്ങളും വിളവെടുപ്പാനന്തര വിളസംസ്കരണം മൂല്യവർദ്ധിത പ്രവർത്തനങ്ങൾക്കാവശ്യമായ ഉപകരണങ്ങളും യന്ത്രങ്ങളും സബ്സിഡിയോടെ നൽകി വരുന്നു. ഈ പദ്ധതിയിൽ അംഗമാകുന്നതിന് http://agrimachinery.nic.in/index എന്ന വെബ്സൈറ്റ് സന്ദർശിക്കാവുന്നതാണ്. 2023 2024 - സാമ്പത്തിക വർഷത്തിലെ വ്യക്തിഗത ഗുണഭോക്താക്കളുടെ അപേക്ഷകൾ ഓൺലൈൻ ആയി ഈ പോർട്ടലിൽ 01.08.2023 മുതൽ നൽകാവുന്നതാണ്. കാർഷിക യന്ത്രവൽക്കരണ പദ്ധതിയെക്കുറിച്ചുള്ള കൂടുതൽ വിവരങ്ങൾക്കും അപേക്ഷിക്കുന്നതിനുള്ള സഹായങ്ങൾക്കും ജില്ലകളിലെ കൃഷി അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എൻജിനീയറുടെ കാര്യാലയവുമായോ ആലപ്പുഴ, കോഴിക്കോട് എന്നിവിടങ്ങളിലെ കൃഷി എക്സിക്യൂട്ടീവ് എൻജിനീയറുടെ

കാര്യാലയവുമായോ, സ്ഥലത്തെ കൃഷി ഭവനുമായോ 0471 2306748, 0477 2266084, 0495 2725354 എന്നീ ഫോൺ നമ്പറുകളിലോ ബന്ധപ്പെടാവുന്നതാണ്.

6. ഉത്തരമേഖല കാർഷിക ഗവേഷണകേന്ദ്രം പിലിക്കോട്, 2024 ജനുവരി 4 മുതൽ 14 വരെ നടത്താൻ തീരുമാനിച്ചിരിക്കുന്ന "RARS ഫാം കാർണിവൽ 2024" ലേക്ക് കൃഷി, കൃഷി-അനുബന്ധ മേഖലയിലെ കർഷകരുടെ ഉൽപ്പന്ന വിപണനം എന്നിവയുടെ സ്റ്റാൾ നടത്തിപ്പിനായി താല്പര്യ പത്രം ക്ഷണിക്കുന്നു. താല്പര്യമുള്ളവർ 7558813523 / 7306234758 എന്നീ ഫോൺ നമ്പറിൽ ബന്ധപ്പെട്ട ശേഷം അപേക്ഷ പൂരിപ്പിച്ച് pranavsuresh1996@gmail.com എന്ന ഇ മെയിൽ ലേക്ക് ഡിസംബർ 11ന് 4 മണിയ്ക്ക് മുമ്പായി അയക്കേണ്ടതാണ്.

**പരിശീലന പരിപാടി**

7. മലപ്പുറം ജില്ലയിലെ ആതവനാട് മൃഗസംരക്ഷണ പരിശീലന കേന്ദ്രത്തിൽ വച്ച് **ആട് വളർത്തൽ** എന്ന വിഷയത്തിൽ ഡിസംബർ 11 ന് രാവിലെ 10 മണിക്ക് സൗജന്യ പരിശീലനം സംഘടിപ്പിക്കുന്നു. കൂടുതൽവിവരങ്ങൾക്ക് 0494 2962296 എന്ന നമ്പരിൽ വിളിക്കാവുന്നതാണ്.

8. തിരുവല്ല മഞ്ഞാടി ഡക്ക് ഹാച്ചറി പരിശീലന കേന്ദ്രത്തിൽ വച്ച് ഈ മാസം 12 ന് (12/12/23) രാവിലെ 10 മണി മുതൽ വൈകിട്ട് 5 മണി വരെ **താറാവ് വളർത്തൽ** എന്ന വിഷയത്തിൽ നേരിട്ട് സൗജന്യ പരിശീലന ക്ലാസ്സ് നടത്തുന്നു. താല്പര്യമുള്ളവർ 9188522711, 0469-2965535 പേര് രജിസ്റ്റർ ചെയ്യേണ്ടതാണ്.

ഫാം ഇൻഫർമേഷൻ ബ്യൂറോ, തിരുവനന്തപുരം